**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3673** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ; ഇതിൽ ഏതെങ്കിലും അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കരുവന്നൂർ സഹകരണ ബാങ്കിൽ കഴിഞ്ഞ 3 വർഷത്തിനിടയ്ക്ക് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തിയിട്ടുണ്ട്. നിലവിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടന്നു വരുന്നു. 65-വകുപ്പ് അന്വേഷണത്തിൽ ബാങ്കിലെ വായ്പാ വിതരണത്തിലും, ബാങ്കിനു കീഴിലുള്ള സൂപ്പർമാർക്കറ്റ്, മറ്റു വ്യാപാര സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തന ങ്ങളിലും, ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമിലും നിക്ഷേപങ്ങൾക്ക് അധിക പലിശ അനുവദിച്ചതിലും ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട് |
| (ബി) | സഹകരണ നിയമത്തിന് വിപരീതമായി തൃശ്ശൂർ ജില്ലയ്ക്ക് പുറത്തുള്ള നിരവധി പേർക്ക് അംഗത്വം നൽകിയെന്നും ലോൺ നൽകിയതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ഇല്ല എന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സഹകരണ നിയമത്തിന് വിപരീതമായി തൃശ്ശൂർ ജില്ലയ്ക്ക് പുറത്തുള്ള വ്യക്തികൾക്കും അംഗത്വം നൽകിയിട്ടുള്ളതായും, ലോൺ നൽകിയതിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പൂർണ്ണമല്ല എന്നും സഹകരണ നിയമം വകുപ്പ് 65 അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ബാങ്കിൽ നടന്ന ഓഡിറ്റ്, അന്വേഷണം എന്നിവയുടെ റിപ്പോർട്ടുകൾ പൂഴ്ത്തിവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സർക്കാരിന്റെ 24.07.2021 ലെ സ.ഉ.(സാധാ)451/21/സഹ നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്ന തിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിച്ച് നടപടിയെടുക്കുന്നതിനുമായി 9 അംഗങ്ങള ടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി 10 ദിവസത്തിനകം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ